EP

"ഭരണഭാഷ- മാതൃഭാഷ"

2480/9/23

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ്-കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സൗമ്യ.പി.സി യുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി(സി) വകുപ്പ്**

സ.ഉ.(സാധാ) നം.123/2023/SJD തീയതി,തിരുവനന്തപുരം, 02-06-2023

പരാമർശം:-

1. സ.ഉ.(സാധാ) നം.100/2022/സാ.നീ.വ തീയതി 10.05.2022
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.04.2023 ലെ എ6-5987/2023/ആവഡ നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.05.2023 ലെ A1/234/2022/KSSM നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സൗമ്യ.പി.സി യെ പരാമർശം(1 ) ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു.

2.ഡോ.സൗമ്യ.പി.സി യുടെ പരാമർശം(1) പ്രകാരമുള്ള അന്യത്ര സേവന കാലാവധി 31.05.2023 ന് അവസാനിക്കുന്നതിനാൽ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് ടിയാരി അഭ്യർത്ഥിച്ചിട്ടുണ്ടെന്നും 01.06.2022 മുതൽ കേരള സാമൂഹ്യ സുരക്ഷ മിഷനിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ഡോ.സൗമ്യ.പി.സി. നിലവിൽ മിഷനിലെ MCRC, മെഡിക്കൽ സംബന്ധമായ വിഷയങ്ങൾ (വയോമിത്രം മരുന്നുകൾ,മിഠായി പദ്ധതി , rare disease, ശ്രുതി തരംഗം എന്നിവയുടെ അഡ്മിനിസ്ട്രേഷൻ ഒഴികെയുള്ള കാര്യങ്ങൾ) എന്നീ പദ്ധതികളുടെ പ്രധാന ചുമതലകൾ നിർവഹിച്ചു വരുന്നുണ്ടെന്നും കേരള സാമൂഹ്യ സുരക്ഷ മിഷന്റെ സുഗമമായ പ്രവർത്തനത്തിനായി ടിയാരിയുടെ തുടർന്നുള്ള സേവനം മിഷനിൽ അനിവാര്യമാണെന്നും ആയതിനാൽ ഡോ.സൗമ്യ.പി.സി,റീജിയണൽ ഡയറക്ടറുടെ അന്യത്ര സേവന കാലാവധി 01.06.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കേരള സാമൂഹ്യ സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.ആരോഗ്യ വകുപ്പിൽ

പൊന്നാനി താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റായ ടിയാരിക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അന്യത്ര സേവനത്തിൽ തുടരുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം നിരാക്ഷേപ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പിലെപൊന്നാനി താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടന്റും നിലവിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോഴിക്കോട് ജില്ലയിലെ റീജിയണൽ ഓഫീസിൽ റീജിയണൽ ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നതുമായ ഡോ.സൗമ്യ.പി.സി യുടെ കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ അന്യത്ര സേവന കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി 01.06.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്ത പക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്രസേവന കാലാവധി തീരുന്ന മുറക്ക് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്. അനുമതിയില്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീമ വി എസ്
അണ്ടർ സെക്രട്ടറി

പകർപ്പ്:

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ ,പൂജപ്പുര,തിരുവനന്തപുരം
2. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. ഡോ.സൗമ്യ.പി.സി, റീജിയണൽ ഡയറക്ടർ (കെ.എസ്.എസ്.എം.എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

REL

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് നം .ഇഎ6 -5987/2023 ആവഡ. തിയതി . 14.06.2023</u>

അന്യത്ര സേവനത്തിനായുള്ള ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

Signed by Sherly S S
Date: 14-06-2023 15:38:50
Reason: Approved

ആരോഗ്യവകുപ്പ് ഡയക്ടർക്കു വേണ്ടി